മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ. ബി. സി.) ഇതു സംബന്ധിച്ചു് ആൻറി കറപ്ഷൻ ഡിപ്പാർമെൻറ മുഖേന നടത്തിയ അന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സമാധാനം വാങ്ങുകയുണ്ടായി. ഈ രേഖകളെല്ലാം ഇപ്പോൾ എൻകമ്പയറി ഡിപ്പാർട്ടുമെൻറ സെക്രട്ടറിയുടെ ചർച്ചയിലിരിക്കുകയാണു്. സെക്രട്ടറിയുടെ റിപ്പോർട്ടു കിട്ടാതെ ഇതു സംബന്ധിച്ചു് കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയുക സാദ്ധ്യമല്ല.

ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിലെ വരവു്.

* 890. [50] ശ്രീ. ടി. ഓ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ ഗവണ്മെൻറ ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിൻെറ 1954–55-ലെ മൊത്തം വരവെത്ര ;

(ബി) ഓരോ ഡിസ്ട്രിക്ടിലും എന്തു വീതം വരവുണ്ടായിട്ടുണ്ടു് ;

(സി) ആലുവാ ഡിസ്ട്രിക്ടിൽ മാത്രം 1954-55-ലെ വരവെത്രയാണു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) രൂപ 1,63,04,444–2.10.

		രൂ.	ണ.	സ.
(ബി) (1)	തിരുവനന്തപുരം സെൻട്രൽ	35,89,841	9	9
(2)	തിരുവനന്തപുരം സിറ്റി	11,57,323	2	0
(3)	നാഗർകോവിൽ	19,54,274	11	3
(4)	കൊല്ലം	17,43,209	5	3
(5)	കൊട്ടാരക്കര	11,41,121	15	9
(6)	കോട്ടയം	18,92,526	3	9
(7)	ആലുവാ	17,45,627	0	3
(8)	എറണാകുളം ബസ്സ് സെക്ഷൻ	6,21,053	0	9
(9)	ആലപ്പുഴ	18,34,607	6	3
(10)	ഹെഡ് ആഫീസ്	1,91,770	2	0

LIBRARY ARCHIVES Kerala Legislative Assembly

		രൂ.	ണ.	സ.
(11)	സെൻട്രൽ വർക്ക്സ്	1,13,245	11	1
(12)	എറണാകുളം ഫെറി	3,19.843	14	9
(സി)		17,45,627	0	3

പൊതുതിരഞ്ഞെടുപ്പ്.

✱ 891. [58] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് അടുത്ത പൊതു തിരഞ്ഞെടുപ്പു എന്നു നടത്താനാണു് ഈ ഗവണ്മെൻറുദ്ദേശിക്കുന്നതു് ;

(ബി) ഇതുസംബന്ധിച്ചു് എന്തെങ്കിലും നിർദ്ദേശങ്ങൾ ഇലക്ഷൻ കമ്മിഷനിൽ നിന്നോ, കേന്ദ്രഗവണ്മെൻറിൽനിന്നോ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ ;

(സി) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ അടുത്ത പൊതു തിരഞ്ഞെടുപ്പു സംബന്ധിച്ചു് എന്തെങ്കിലും കാര്യങ്ങൾ ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതെന്താണെന്നു വ്യക്തമാക്കാമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇൻഡ്യൻ ഭരണഘടനയിലെ അർട്ടിക്കിൾ 172(1) അനുസരിച്ചു് ഓരോ സ്റ്റേറ്റ് അസംബ്ലിക്കും അഞ്ചുകൊല്ലംവീതം കാലാവധിയുണ്ടു്. ഇവിടെ 1954–ൽ ഒരു പൊതുതിരഞ്ഞെടുപ്പു് നടത്തിയ സ്ഥിതിക്കു് ഇപ്പോഴത്തെ നിയമസഭയ്ക്കു് 1959–ാമാണ്ടുവരെ കാലാവധിയുണ്ടു്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) സി–യിലെ ഉത്തരം അനുസരിച്ചു് ഈ ചോദ്യം ഉദിക്കുന്നില്ല.

സാമൂഹ്യവികസനപദ്ധതികൾ.

✱ 892. [63] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തു് പ്രവർത്തിച്ചുപോരുന്ന സാമൂഹ്യവികസന പദ്ധതികളെ എൻ. ഇ. എസ്സ്. ബ്ലാക്കുകളായി വിഭജിക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ വിഭജനം എന്നുമുതൽ നിലവിൽ വരുമെന്നു് പറയാമോ ;

(സി) എന്തടിസ്ഥാനത്തിലാണു് ഓരോ ബ്ലാക്കിൻറേയും പരിധി നിർണ്ണയിക്കുന്നതെന്നു പറയാമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly